**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിം പ്രീമിയം തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യതൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന ക്ലെയിം തുക അഞ്ച് ലക്ഷം രൂപയിൽ നിന്നും പത്ത് ലക്ഷമായി വർധിപ്പിക്കുന്നതിന് അവർ അടക്കുന്ന പ്രീമിയം തുക എത്ര ശതമാനമാണ് വർധിപ്പിച്ചതെന്ന് അറിയിക്കാമോ; | (എ) | മത്സ്യബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി മത്സ്യബോർഡ് നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിലെ അംഗങ്ങളെ പൂർണ്ണമായും സൗജന്യമായാണ് ഇൻഷ്വർ ചെയ്യുന്നത്. ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീമിയം തുക ഓരോ വർഷവും ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ക്ലെയിം തുക 2017-18 വർഷത്തിലാണ് 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപ ആയി വർദ്ധിപ്പിച്ചത്. പദ്ധതി പ്രകാരമുള്ള പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത് എന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് തുകയൊന്നും അടയ്ക്കേണ്ടതില്ല. |
| (ബി) | അഞ്ച് ലക്ഷം രൂപക്ക് നൽകിയിരുന്ന പ്രീമിയം തുകയുടെ ഇരട്ടിയിലധികം തുക പ്രീമിയം തുകയായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയാണ് വർധനവ് നടപ്പിൽ വരുത്തിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമാനുസൃത രീതിയിൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, കുറഞ്ഞ പ്രീമിയം തുക ക്വാട്ട് ചെയ്യുന്ന ഇൻഷ്വറൻസ് കമ്പനിയുമായാണ് ധാരണാപത്രത്തിൽ ഒപ്പുവെക്കുന്നത്. |
| (സി) | മത്സ്യബന്ധനയാനങ്ങളുടെ വർധിപ്പിച്ച രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ക്ഷേമനിധി വിഹിതവും കുറവ് ചെയ്യണമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം പരിഗണിക്കുമോ? | (സി) | 01/09/2019ലെ ജി.ഒ(പി) നമ്പർ 36/2019/മ.തു.വ നമ്പർ വിജ്ഞാപന പ്രകാരം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും കുറവ് ചെയ്ത് ഉത്തരവായിട്ടുണ്ട്.<br><br>മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ക്ഷേമനിധി വിഹിതവും ഇനിയും കുറവ് ചെയ്യുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ